# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മടവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAKKD/P2/1495/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 31/10/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മടവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1,3-2 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAKKD/P2/1495/23 തീയ്യതി: 31/10/2023

## കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-12-2022 മുതൽ 25-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജോഷോ ബെന്നറ്റ് ജോൺ (KAS) | ഡെപ്യൂട്ടി ഡയറക്ടർ | 26-09-2023 | 05-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 26-09-2023 | 05-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സതീഷ് കുമാർ.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അനൂപ്. കെ വി, സീനിയർ ഗ്രേ. ഓഡിറ്റർ
ശ്രീ. ഷിബിൻ. കെ.എസ്, സീനിയർ ഗ്രേ. ഓഡിറ്റർ
ശ്രീ. വിജേഷ്.കെ.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാഘവൻ അടുക്കത്ത് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ആബിദ.ടി | സെക്രട്ടറി | 01-04-2022 | 11-10-2022 |
| എം.എ.റഷീദ് | സെക്രട്ടറി | 17-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ.കെ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| വിജില | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| നിഷ.കെ | കൃഷി ഓഫീസർ | 01-04-2022 | 02-12-2022 |
| ദിലീപ് കുമാർ.ടി | കൃഷി ഓഫീസർ | 03-12-2022 | 03-02-2023 |
| ലിജി.പി.ജെ | കൃഷി ഓഫീസർ | 04-02-2023 | 31-03-2023 |
| സിസിൻ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 02-01-2023 |
| സുമില.കെ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-01-2023 | 31-03-2023 |
| ഡോ.ബിന്ദു.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.സുജ.ആർ.എസ് | മെഡിക്കൽ ഓഫീസർ (പി.എച്.സി) | 01-04-2022 | 31-03-2023 |
| നസീം | ഹെഡ് മാസ്റ്റർ | 01-04-2022 | 01-07-2022 |
| അബ്ദുൾ അസീസ് | ഹെഡ് മാസ്റ്റർ | 02-07-2022 | 31-03-2023 |
| ഗീന ജോർജ് | വെറ്റിനറി സർജൻ | 01-04-2022 | 28-01-2023 |
| വിക്രാന്ത് | വെറ്റിനറി സർജൻ | 29-01-2023 | 31-03-2023 |
| രോഷ്ണി | വി.ഇ.ഒ | 01-04-2022 | 05-05-2022 |
| ഷബ്ന | വി.ഇ.ഒ | 12-05-2022 | 31-03-2023 |
| സബീഷ് | വി.ഇ.ഒ | 16-05-2022 | 09-02-2023 |
| ജലീൽ | വി.ഇ.ഒ | 28-02-2023 | 31-03-2023 |
| നിമ്മി.കെ.കെ | അസി.എഞ്ചിനിയർ | 01-04-2022 | 29-11-2022 |
| ജീന | അസി.എഞ്ചിനിയർ | 30-11-2022 | 30-12-2022 |
| അശ്വതി പ്രസാദ് | അസി.എഞ്ചിനിയർ | 31-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററുകളിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വസ്തു നികുതി കുടിശ്ശിക കണക്കിൽ അപാകത | 1-1-7 |
| 9 | മുൻവർഷത്തെ വാർഷിക കണക്ക് നീക്കിയിരിപ്പും അഡ്വാൻസ് രജിസ്റ്റർ മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | കെ.യു.ആർ.ഡി.എഫ്.സി. ലൈഫ് ലോൺ- നീക്കിയിരിപ്പ് തുക വ്യക്തമല്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 15 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ടാക്സ് അവലോകനം | 1-9 |
| 21 | വസ്തുനികുതി- അപാകതകൾ | 1-10 |
| 22 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - സെന്റേജ് ചാർജ്ജ് നൽകി | 1-11 |
| 23 | ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചതിൽ അപാകത | 1-12 |
| 24 | ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി - ചെലവിനത്തിൽ നഷ്ടം | 1-13 |
| 25 | ഫോം വർക്ക് ആവശ്യമില്ലാത്ത കോൺക്രീറ്റ് റോഡ് വർക്കിന് ഫോം വർക്ക് ഉൾപ്പെടുന്ന ഐറ്റം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അധിക തുക നൽകി . | 1-14 |

| | | |
|---|---|---|
| | ചെലവിനത്തിൽ പഞ്ചായത്തിന് നഷ്ടം. | |
| 26 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല | 1-15 |
| 27 | നാട്ടിപ്പാറ ശ്മശാനം നവീകരണം പദ്ധതി നിർവ്വഹണത്തിലെ അപാകത | 1-16 |
| 28 | ഇ- ടെണ്ടർ ഫീ തിരികെ ഈടാക്കാത്തത് സമ്പന്ധിച്ച് | 1-17 |
| 29 | ടേക്ക് എ.ബ്രേക്ക് പദ്ധതി- അവലോകനം | 1-18 |
| 30 | അങ്കണവാടിയ്ക്ക് ഭീഷണിയായുള്ള മരം മുറിച്ച് മാറ്റിയിട്ടില്ല | 1-19 |
| 31 | തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല | 1-20 |
| 32 | ടോയിലറ്റ് നിർമ്മാണം-രേഖകൾ സൂക്ഷിപ്പിലെ അപാകതകൾ | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സ്ലീറ്റ് ലൈറ്റ് സ്ഥാപിക്കൽ - സെന്റേജ് ചാർജ്ജ് നൽകി | 3-1 |
| 2 | ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി - ചെലവിനത്തിൽ നഷ്ടം | 3-2 |
| 3 | ഫോം വർക്ക് ആവശ്യമില്ലാത്ത കോൺക്രീറ്റ് റോഡ് വർക്കിന് ഫോം വർക്ക് ഉൾപ്പെടുന്ന ഐറ്റം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അധിക തുക നൽകി . ചെലവിനത്തിൽ പഞ്ചായത്തിന് നഷ്ടം. | 3-3 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 05/07/2023 ലെ 1/1 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 11/07/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മടവൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2022 -23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും (4683629) ഇതേ പത്രികയിലെ "Net Cash Generated By Operating+Investing+Financial Activity"(A+B+C) ആയി രേഖപ്പെടുത്തിയ തുകയും (18888648)

പൊരുത്തപ്പെടുന്നില്ല.

1-1-3 ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ

തനത് ഫണ്ട് അക്കൗണ്ടിന്റെ 01.04.2022 മുതൽ 31.03.2023 വരെയുള്ള ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ ബാങ്ക് ബുക്കിൽ രേഖപ്പെടുത്താത്ത താഴെപറയുന്ന പിൻവലിക്കലുകൾ കണ്ടെത്തിയിട്ടുണ്ട്.

| Bank Account | Date | Instrument No | Amount |
|---|---|---|---|
| Madavoor Service Co-op Bank Own Fund (102100010003753) | 13.04.2022 | 155124 | 4,152 |
| | 21.10.2022 | 156182 | 300 |
| | 23.03.2023 | 1384 | 7,600 |

മേൽ പിൻവലിക്കലുകളുടെ ഉദ്ദേശ്യം ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നില്ല.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. Property Tax On Residential Buildings(110100101), Property Tax On Non-Residential Buildings(110100102) എന്നീ അക്കൗണ്ട് ഹെഡുകളുടെ 01.04.2022 മുതൽ 31.03.2023 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചു. വസ്തു നികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റിൽ വ്യത്യാസം വരുത്തുന്നില്ല.

1-1-5 വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററുകളിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

I) 2022-23 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-4 പ്രകാരം Permit Fee For Construction Of Buildings ഇനത്തിൽ 373734 രൂപയും Fee For Building Regularisation ഇനത്തിൽ 332615 രൂപയും കളക്ഷനുണ്ട് (ആകെ 706349). എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ് ഇനങ്ങളിലെ 2022-23 വർഷത്തെ ആകെ കളക്ഷനായി രേഖപ്പെടുത്തിയിരിക്കുന്നത് 7,05,999 രൂപയാണ്. പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ് ഇനങ്ങളുടെ വരവ് പ്രത്യേകമായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

Ii) 2022-23 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം FTE&OS ഇനത്തിലെ തൻവർഷത്തെ കളക്ഷൻ 92,300 രൂപയാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷത്തെ കളക്ഷൻ 1,22,150 രൂപയാണ്.

Iii) വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 29,980/- രൂപയുടെ സ്റ്റോർസ് 2022-23 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

I) 2022-23 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം Central Finance Commission-Basic Tax Grant(1,97,285), Central Finance Commission-Tied Fund(56,09,087) എന്നിവയുടെ 31.03.2023 ലെ ആകെ നീക്കിയിരിപ്പായ 58,06,372 രൂപയും വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ IOB ബാങ്ക് അക്കൗണ്ടിലെ(33410100007678) നീക്കിയിരിപ്പായ 56,21,594 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു. 2022-23 വർഷം അക്കൗണ്ടിലെ പലിശ വരവ് ഉൾപ്പെടുത്തിയിട്ടും വ്യത്യാസം നിലനിൽക്കുന്നു.

II) 2022-23 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം MP Fund നീക്കിയിരിപ്പായ 12,715 രൂപയും വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം SBI MP LAD ബാങ്ക് അക്കൗണ്ടിലെ(32563885440) നീക്കിയിരിപ്പായ 46,242 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

### 1-1-7 വസ്തു നികുതി കുടിശ്ശിക കണക്കിൽ അപാകത

2022-23 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം Recievables For Property Tax On Non Residential Buildings (Arrear) ഇനത്തിൽ 7173 രൂപയും Recievables For Property Tax On Residential Buildings (Arrear) ഇനത്തിൽ 39572രൂപയും കളക്ഷനുണ്ട്. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി - റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ ഇനങ്ങളിൽ കുടിശ്ശിക ഇല്ല. വസ്തു നികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1-1-8 മുൻവർഷത്തെ വാർഷിക കണക്ക് നീക്കിയിരിപ്പും അഡ്വാൻസ് രജിസ്റ്റർ മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം Other Advance(460100199) ഇനത്തിലെ നീക്കിയിരിപ്പ് 1097539 രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ സംക്ഷിപ്തം പ്രകാരം 2022-23 Other Advance(460100199) ഇനത്തിലെ മുന്നിരിപ്പ് 107486 രൂപയാണ്.

### 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

സ്ഥാപനത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-1-10 കെ.യു.ആർ.ഡി.എഫ്.സി. ലൈഫ് ലോൺ- നീക്കിയിരിപ്പ് തുക വ്യക്തമല്ല.

കെ.യു.ആർ.ഡി.എഫ്.സി. ലൈഫ് ലോൺ വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള തുക 88,000 രൂപ ആണ്. 2022-23 വർഷത്തിൽ 17,91,690 ലോൺ പേയ്മെന്റ് വന്നതിനാൽ B5 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 17,03,690 ആണ്. ലോൺ നീക്കിയിരിപ്പിന്റെ കൃത്യത ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-2 ബജറ്റ്

മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 25.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ പുതുക്കിയ ബജറ്റ് 20.03.2023 തീയതിയിലെ 1/2നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,98,50,080 |
| ഓഡിറ്റ് വർഷത്തെ വരവ് | 3,63,67,631 |

| | |
|---|---|
| ആകെ | 5,62,17,711 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 3,16,84,002 |
| നീക്കിയിരിപ്പ് | 2,45,33,709 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,94,52,601 | 1,94,52,601 | 1,71,52,030 | 23,00,571 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 59,03,757 | 59,03,757 | 54,14,986 | 4,88,771 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 4,02,352 | 4,02,352 | 3,63,126 | 39,226 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 55,53,300 | 55,53,300 | 50,63,911 | 4,89,089 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 52,05,000 | 52,05,000 | 40,84,522 | 11,20,478 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്(ട്രഷറി മുഖേന) | 0 | 35,502 | 35,502 | 35,040 | 462 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് ( PFMS മുഖേന) | 0 | 32,91,000 | 32,91,000 | 31,28,581 | 1,62,419 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 4,44,763 | 4,44,763 | 1,56,020 | 2,88,743 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 16,66,389 | 49,37,000 | 66,03,389 | 11,74,611 | 54,28,778 |
| ഐ.സി.ഡി.എസ് | 2,17,540 | 22,22,790 | 24,40,330 | 12,84,761 | 11,55,569 |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 8,32,63,251 | 2,16,68,999 |
| വികസനഫണ്ട് (എസ്.സി.പി) | 2,46,36,785 | 86,52,243 |
| മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) | 1,24,53,906 | 54,53,906 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 90337942 | 127 | 53724229 | -- | 30 | 80.89% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | തുക | | |
|---|---|---|---|---|---|
| കൃഷിഓഫീസർ | 6 | 5 | 1263267 | 1012221 | 80.12% |
| വെറ്ററിനറി സർജൻ | 4 | 4 | 5948000 | 4475000 | 75.23% |
| മെഡിക്കൽ ഓഫീസർ)(പി.എച്ച്.സി) | 11 | 11 | 3952853 | 3752253 | 94.92% |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 2 | 1000000 | 1000000 | 100% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 62 | 52 | 21457908 | 11584826 | 53.98% |
| വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 15 | 19 | 30096000 | 13679684 | 45.45% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 8672813 | 7752574 | 89.38% |
| സെക്രട്ടറി | 39 | 25 | 14332901 | 6925226 | 48.31% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1875000 | 1875000 | 100% |
| അസി.സെക്രട്ടറി | 5 | 4 | 1039200 | 967445 | 93.09% |
| ഹെഡ് മാസ്റ്റർ | 2 | 2 | 700000 | 700000 | 100% |
| | 157 | 127 | 90337942 | 53724229 | 59.47% |

ഡി.പി.സി. അഗീകാരം ലഭിച്ച 157 പ്രൊജക്ടുകളിൽ 127 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 90337942/- രൂപ വകയിരുത്തിയതിൽ 53724229/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 263 | 13,76,804 | 13,77,067 | 13,77,067 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 4,31,56,933 | 4,31,56,933 | 4,31,56,933 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 40,37,600 | 2625 |
| വിധവാപെൻഷൻ | 1,22,19,400 | 7734 |
| വാർദ്ധക്യകാലപെൻഷൻ | 2,03,38,000 | 13289 |
| വികലാംഗപെൻഷൻ | 43,42,600 | 2738 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11,50,800 | 731 |
| വിവാഹ ധനസഹായം | 90,000 | 3 |
| തൊഴിൽരഹിത വേതനം | 3,600 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.10.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 66,223/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ നിജസ്ഥിതി പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ടാക്സ് അവലോകനം

ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കൂ. ഇതിനായി നികുതി, ഫീസ്, വാടക തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി പഞ്ചായത്ത് ഫണ്ടിൽ (ട്രഷറി/ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി/നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ്

എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി മടവൂർ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ എന്നിവ പ്രകാരം മടവൂർ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന 9878 കെട്ടിടങ്ങളും, പാർപ്പിടേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 2478 കെട്ടിടങ്ങളും, 2 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. കെട്ടിടങ്ങളിൽ 177എണ്ണം നിയമാനുസൃതം നികുതി ഒഴിവാക്കി കൊടുക്കപ്പെട്ടവയാണ്.

01.04.23 ന് ശേഷം ഓഡിറ്റ് തിയതിവരെ 158 നിയമാനുസൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. കെട്ടിട നിർമാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി ലഭിച്ച അപേക്ഷകളിൽ നിലവിൽ 65 എണ്ണത്തിന് വസ്തു നികുതി ചുമത്താൻ ശേഷിക്കുന്നുണ്ട്.

നികുതി പിരിവ്

മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി വരവ് 4110750/- രൂപയും ഈയിനത്തിലെ യഥാർത്ഥ വരവ് 4042126/- രൂപയുമാണ്. ഗ്രാമപഞ്ചായത്തിൽ തൻവർഷം സഞ്ചയപ്രകാരമുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടുണ്ട്.
എന്നാൽ ഡിമാന്റ് നൂറ് ശതമാനത്തിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടില്ല എന്ന് പരിശോധനയിൽ നിന്നും വ്യക്തമാണ്.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്വെയറിൽ ലഭ്യമാക്കുന്ന 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന് 22.03.2023ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (5)ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം 2287 ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്.

ഫീൽഡ്തല പരിശോധനകൾ

കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുൻനിർണ്ണയിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനും ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ(സിവിൽ), ഐ.ടി.ഐ സർവ്വേയർ എന്നീ യോഗ്യതയിൽ കുറയാത്തവരെ നിയമിക്കാവുന്നതാണെന്ന് നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് വസ്തുനികുതി പരിഷ്കരണം നടത്തുന്നതിന് പഞ്ചായത്ത് പ്രത്യേകം പദ്ധതികൾ ഒന്നുംതന്നെ തയ്യാറാക്കിയിട്ടില്ല. എന്നാൽ നികുതി പരിഷ്കരണത്തിനായുള്ള പ്രവൃത്തികൾ ആരംഭിച്ചതായും ആയത് പ്രകാരം പഞ്ചായത്തിലെ 3 വാർഡുകളിലെ വീടുകളിൽ പരിശോധന നടത്തി വീടിന്റെ കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ടെന്നും, ഈ പ്രവൃത്തി വാർഷിക പദ്ധതി ഭേദഗതിയിൽ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം ഏപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2)ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമമാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിലോ , ഉപയോഗ ക്രമത്തിലോ ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ വന്ന മാറ്റങ്ങളെ സംബന്ധിച്ച് നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ നികുതി റിവൈസ് ചെയ്ത് സഞ്ചയ സോഫ്റ്റ് വെയറിൽ ചേർത്തിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണ നടപടികളിൽ കാലതാമസം

05.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ഭരണ സമിതിയുടെ 11.05.2023 ലെ 2(1) നമ്പർ തീരുമാന പ്രകാരം വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് 22.5.2023 ൽ കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും 14.07.2023 തിയ്യതിയിലെ 8(1) നമ്പർ തീരുമാന പ്രകാരം നിരക്കുകൾ അന്തിമമാക്കി 20.07.2023 തിയ്യതിയിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നോട്ടീസും അന്തിമ വിജ്ഞാപനങ്ങളും 2023 ജൂൺ 30നകം പുറപ്പെടുവിക്കേണ്ടതാണെന്ന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെടാത്തതിനാൽ തുടർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ മടവൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരിടത്തും വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വസ്തുനികുതി പരിഷ്കരണത്തിനായി പദ്ധതി തയ്യാറാക്കി മുഴുവൻ പാർപ്പിട/ പാർപ്പിടേതര കെട്ടിടങ്ങളിൽ അടിയന്തരമായി വിവര ശേഖരണം നടത്തുകയും ആയതിന് അനുസൃതമായി വസ്തുനികുതി പരിഷ്കരിക്കേണ്ടതുമാണ്.

2. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

4. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ

നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർനിർണ്ണയിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

6. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

7. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 വസ്തുനികുതി- അപാകതകൾ

### 1)ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതേ ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റിൽ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലും, 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 70 രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലാണ് ഷിഹാബുദ്ദീൻ, കുന്നനാംകുഴിയിൽ, മുട്ടാഞ്ചേരി എന്നവരുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, ഉപയോഗ ക്രമം | സഞ്ചയ പ്രകാരം കുതി പ്രാബല്യത്തിൽ വരുന്ന തിയ്യതി |
|---|---|---|
| 10/603 A | 23m$^2$,വാണിജ്യം | 2023 First Half |
| 10/603 B | 23m$^2$,വാണിജ്യം | ” |

| | | |
|---|---|---|
| 10/603 C | 23m$^2$,വാണിജ്യം | ” |
| 10/603 D | 23m$^2$,വാണിജ്യം | ” |
| 10/603 E | 23m$^2$,വാണിജ്യം | ” |
| 10/603 F | 23m$^2$,വാണിജ്യം | ” |
| 10/603 G | 23m$^2$,വാണിജ്യം | ” |
| 10/603 H | 23m$^2$,വാണിജ്യം | ” |
| 17/372 I | 23m$^2$,വാണിജ്യം | ” |
| ആകെ വിസ്തീർണ്ണം | 207 M$^2$ | |

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

2) മേൽ ചേർത്ത കെട്ടിടത്തിന്റെ തന്നെ 118.3m$^2$ വിസ്തീർണ്ണം വരുന്നതും കെട്ടിട നമ്പർ 10/603 J എന്ന് നൽകിയതുമായ മറ്റൊരു ഭാഗത്തിന് , വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ/ഷോപ്പുകൾ/റെസ്റ്റോറന്റുകൾ/ഗോഡൗൺ എന്ന് സഞ്ചയയിൽ ഉപയോഗക്രമം രേഖപ്പെടുത്തി ചതുരശ്രമീറ്ററിന് 60/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന തരത്തിൽ ചതുരശ്ര മീറ്ററിനു 70 രൂപ നിരക്കിലായിരുന്നു യഥാർത്ഥത്തിൽ നികുതി നിശ്ചയിക്കേണ്ടിയിരുന്നത്. കെട്ടിടത്തിന്റെ വിസ്തീർണ്ണം 118.3ച.മീ എന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടും 100ച.മീറ്ററിൽ താഴെയുള്ള കെട്ടിടമായി പരിഗണിച്ചുകൊണ്ട് നികുതി നിർണ്ണയിക്കാനുണ്ടായ കാരണം വിശദീകരിക്കേണ്ടതുമാണ്.

സഞ്ചയ സോഫ്റ്റ് വെയറിൽ ഈ കെട്ടിടത്തിന്റെ നികുതി നിശ്ചയിച്ചിരിക്കുന്നത് വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള കെട്ടിടം എന്ന തരത്തിൽ ചതുരശ്രമീറ്ററിന് 60/- രൂപ നിരക്കിലാണെങ്കിലും ഓഡിറ്റിന് ഹാജരാക്കിയ ഫോറം-6 ന്റെ ഹാർഡ് കോപ്പിയിൽ നികുതി നിർണ്ണയിച്ചിരിക്കുന്നത് 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന തരത്തിൽ ചതുരശ്ര മീറ്ററിനു 70 രൂപ നിരക്കിലാണ്. സോഫ്റ്റ് വെയറിലെ ഫോറം-6 ലും , ഓഡിറ്റിന് ലഭ്യമാക്കിയ ഫോറം-6 ന്റെ ഹാർഡ് കോപ്പിയിലും വ്യത്യസ്ത തരത്തിൽ നികുതി രേഖപ്പെടുത്തലുണ്ടായതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയും ഒരേ റോഡിന് വ്യത്യസ്ഥ തരവും/വീതിയും രേഖപ്പെടുത്തി സഞ്ചയയിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയതായി കാണുന്നു. ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | പ്രദേശം | റോഡിന്റെ തരം | മേഖല |
|---|---|---|---|---|
| 1 | 5/86 C | സി.എം. മഖാം- കോയലിമുക്ക് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 2 | 5/85 B | സി.എം.മഖാം - കോയലിമുക്ക് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |

ക്രമ നമ്പർ (2) ആയി രേഖപ്പെടുത്തിയ കെട്ടിടത്തിന്റെ (നം.5/85 B) പ്ലാൻ ഉൾപ്പെടുന്ന ഫയൽ

പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഒരേ പ്രദേശത്തിന് വ്യത്യസ്ത മേഖലയും ഒരേ റോഡിന് വ്യത്യസ്ത വീതിയും നൽകി നികുതി നിർണ്ണയിക്കാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതും, നികുതി നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിച്ച്, കുറവ് വന്ന നികുതി, ഈടാക്കേണ്ട കാലയളവ് മുതൽ ഈടാക്കി അറിയിക്കേണ്ടതും, ഇത്തരത്തിൽ മുൻവർഷങ്ങളിൽ നികുതി നിർണ്ണയിക്കുന്നതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-11 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - സെന്റേജ് ചാർജ്ജ് നൽകി

പ്രൊജക്റ്റ് നമ്പർ -69/2023

അടങ്കൽ - 9,00,000

ചെലവ് - 5,00,000/- (292/28.3.2023 വികസന ഫണ്ട് പൊതുവിഭാഗം)

3,99,559/- (31.03.2023, തനത് ഫണ്ട്)

ആകെ -8,99,559/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പഞ്ചായത്തിലെ സ്ട്രീറ്റ് മെയിൻ ഉള്ള തെരുവ് വിളക്കുകൾ ഇല്ലാത്ത തെരുവുകളിൽ 24 വാട്ട് എൽ.ഇ.ഡി - ഓട്ടോമാറ്റിക് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് സെക്രട്ടറി പദ്ധതി നടപ്പിലാക്കിയത്. സർക്കാർ അംഗീകൃത/അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും പ്രൊഫോർമ ഇൻവോയ്സ് ലഭ്യമാക്കി, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (SILK) എന്ന സ്ഥാപനത്തിനെ പ്രവൃത്തി ഏല്പിക്കുകയും, 383 വിളക്കുകൾ സ്ഥാപിക്കുന്നതിനായി 8,99,559/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

SILK എന്ന സ്ഥാപനത്തിന്റെ 21.2.23 ലെ കത്ത് പ്രകാരം SILK മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഇ-ടെണ്ടറിലൂടെ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തവരെക്കൊണ്ടാണ് പ്രവൃത്തി നടപ്പിലാക്കിയതെന്നും, അറിയിച്ചിട്ടുണ്ട്. അപ്രകാരം സെന്റേജ് ചാർജ്ജായി 56,469/- രൂപയും 18 ശതമാനം ജി.എസ്.ടി ഇനത്തിൽ 10,164/- രൂപയും ആകെ 66,633/- അധികമായി ഈടാക്കിയതായും കാണുന്നു.

3.8.2016 ലെ 118/2018/ഫിൻ, 25.7.2017 ലെ 95/2017/ഫിൻ, സർക്കാർ ഉത്തരവുകൾ പ്രകാരം ഒരു അക്രഡിറ്റഡ് ഏജൻസിയെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി ഏല്പിക്കുകയാണെങ്കിൽ അക്കാര്യം വ്യക്തമാക്കണമെന്നും, ഏജൻസി നടത്തുന്ന ടെണ്ടർ നടപടികൾ സുതാര്യമായിരിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. സെന്റേജ് ചാർജ്ജ് ഈടാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും സ്ഥാപനം പാലിച്ചതായി കാണുന്നില്ല.

സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സെന്റേജ് ചാർജ്ജ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ (15/22-23 തീയ്യതി. 5.10.23) ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ 202/20/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള നിലാവ് പദ്ധതി നിർവ്വഹണത്തിന്റെ മാർഗ്ഗരേഖയിൽ സ്ട്രീറ്റ് ലൈറ്റുകൾ KSEBL ൽ നിന്നും വാങ്ങുന്നതിനും EESL നെ PMU ആയും നിശ്ചയിച്ചിട്ടുള്ളതാണ്. EESL ന് നൽകേണ്ട പരമാവധി സെന്റേജ് ചാർജ്ജ് 2% മാത്രമാണ്. ഏഴ് വർഷത്തെ വാറന്റിയും നിലാവ് പദ്ധതി പ്രകാരം സ്ഥാപനത്തിന് ലഭ്യമാവുന്നതാണ്. മേൽ സാഹചര്യത്തിലാണ് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക സെന്റേജ് ചാർജ്ജ് നൽകി മറ്റ് അക്രഡിറ്റഡ് ഏജൻസികളെ കൊണ്ട് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.

സെന്റേജ് ചാർജ്ജ് ഇനത്തിൽ അധികം നൽകിയ 66,633/- രൂപ SILK എന്ന സ്ഥാപനത്തിൽ നിന്ന്

തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചതിൽ അപാകത

2022-23 സാമ്പത്തിക വർഷത്തിൽ മടവൂർ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ 04/2021 മുതൽ 09/2022 വരെയുള്ള യാത്രാബത്തയായി 1,06,265 രൂപ അനുവദിച്ചിട്ടുണ്ട്. ബില്ലുകൾ പാസാക്കിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| തീയതി | വൗച്ചർ നമ്പർ | അനുവദിച്ച തുക | പേയ്മെന്റ് ഓർഡർ നമ്പർ | ടി.എ അനുവദിച്ച കാലയളവ് |
|---|---|---|---|---|
| 22.10.2022 | 42200384 | 58,050 | 62240098300440 | 4/2021 മുതൽ 03/2022 വരെ |
| 25.03.2023 | 42200811 | 48,215 | 62240098300872 | 4/2022 മുതൽ 09/2022 വരെ |
| ആകെ | | 1,06,265 | | |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(ബി)6 പ്രകാരം ഔദ്യോഗിക യാത്ര നടത്തിയതിന്റെ തൊട്ടടുത്ത മാസം മുതൽ ജീവനക്കാരന് യാത്രാബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. യാത്രാബത്തക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം ജീവനക്കാരൻ ആയത് ക്ലെയിം ചെയ്യേണ്ടതാണ്. ടൂർ ഡയറി/നോട്ട് മുഖേന ജീവനക്കാരൻ യാത്രാബത്ത ക്ലെയിം ചെയ്യുന്ന മുറക്കാണ് ആയത് അനുവദിക്കേണ്ടത്. ILGMSൽ യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ നിന്നും ജീവനക്കാരുടെ ടൂർ ഡയറി അപ് ലോഡ് ചെയ്തതായി കാണുന്നില്ല. ഇതിൽ നിന്നും ടൂർ ഡയറി സമർപ്പിച്ച് ടി.എ. ക്ലെയിം ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ യാത്രാമാർഗ്ഗം, നിരക്ക് എന്നിവ നിശ്ചയിച്ചതെങ്ങനെയന്നത് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (നം.9/2022-23, തീ-05.10.2023) മറുപടി നൽകിയിട്ടില്ല. നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ടി. എ ഇനത്തിൽ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-13 ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി - ചെലവിനത്തിൽ നഷ്ടം

പ്രോജ.നം -109/22-23

പ്രോജക്റ്റിന്റെ പേര് - കുന്നത്ത് പള്ളി തുള്ള മഠം റോഡ്

നിർവ്വഹണം - അസി.എഞ്ചിനിയർ

വകയിരുത്തിയ തുക – 400000/- (MG-Road)

ചെലവഴിച്ച തുക - 399077/-

ബിൽ നം - 22170252012701474395 Dtd 25-03-23

ബിൽ തുക - 399077/-

പദ്ധതി എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിൽ കേടുപാടുകൾ ഉള്ള കോൺക്രീറ്റും ടാറും അടങ്ങിയ പ്രസ്തുത റോഡ് 65.5 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇത് പ്രകാരം കരാർ വിളിക്കുകയും 0.03% ബിലോയിൽ ക്വോട്ട് ചെയ്ത ശ്രീ. അശ്റഫ്. എം എന്ന കരാറുകാരനാണ് വർക്ക് നൽകുകയും ചെയ്തു. 20-03-2023 ന് പൂർത്തീകരിച്ച ഈ പ്രവൃത്തിയ്ക്ക് മേൽ ബിൽ പ്രകാരം 399,077/- രൂപ നൽകിയിട്ടുണ്ട്.

പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ നിന്നും എം ബുക്ക്(E-Mbook) പ്രകാരം 89.5 മീറ്റർ നീളത്തിലും 3

മീറ്റർ വീതിയിലും 75.8.1 ഡാറ്റ പ്രകാരം റോഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. എം ബുക്ക് പ്രകാരം ആകെ 38.933 $M^3$ കോൺക്രീറ്റ് പ്രവൃത്തി ഈ ഐറ്റത്തിൽ (75.8.1ഡാറ്റ, റേറ്റ്=8358.3/$M^3$) ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ മേൽ ബിൽ പ്രകാരം 35.7 $M^3$ കോൺക്രീറ്റ് പ്രവൃത്തിയ്ക്കാണ് 75.8.1 ഡാറ്റ പ്രകാരം അളവ് പരിമിതപ്പെടുത്തിയാണ് തുക നൽകിയിരിക്കുന്നത്.

04-10-2023 ന് ഓഡിറ്റ് നടത്തിയ പ്രസ്തുത പ്രവൃത്തിയുടെ സ്ഥല പരിശോധനയിൽ റോഡ് കോൺക്രീറ്റ് ചെയ്തിരിക്കുന്നത് 77 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലുമായി ആകെ 33.495 $M^3$ കോൺക്രീറ്റ് ആണ് എന്ന് ബോധ്യപ്പെട്ടു. എം ബുക്ക് പ്രകാരം 89.5 മീറ്റർ നീളത്തിലും മൂന്ന് മീറ്റർ വീതിയിലും 38.933 $M^3$ കോൺക്രീറ്റ് പ്രവൃത്തി ചെയ്തു എന്ന് അസി.എഞ്ചിനിയർ മെഷർമെന്റ് എടുക്കുകയും ഇത് അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ ചെക്ക് മെഷർ ചെയ്യുകയും ചെയ്ത ഈ റോഡ് യഥാർത്ഥത്തിൽ ചെക്ക് മെഷർ ചെയ്തതിലും 12.5 മീറ്റർ നീളം കുറവായാണ് ചെയ്തിരിക്കുന്നത് എന്ന് സ്ഥല പരിശോധനയിൽ വ്യക്തമായി. കൂടാതെ 77 മീറ്റർ നീളത്തിൽ PCC ചെയ്തതായി എം.ബുക്കിൽ കാണിച്ചിട്ടുണ്ടെങ്കിലും 44 മീറ്റർ നീളത്തിൽ മാത്രമാണ് GSB ചെയ്തതായി കാണിച്ചിട്ടുള്ളൂ. അതായത് ആകെ ചെയ്ത 77 മീറ്റർ കോൺക്രീറ്റ് റോഡിൽ 33 മീറ്റർ നീളത്തിൽ GSB ചെയ്യാതെയാണ് PCC ചെയ്തത് എന്നാണ് എം.ബുക്ക് പ്രകാരം വ്യക്തമാവുന്നത്. ഇതിൽ നിന്നും അധിക തുക നൽകിയ 12.5 മീറ്റർ നീളത്തിൽ GSB ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്. അതായത് യഥാർത്ഥത്തിൽ 33.495 $M^3$ കോൺക്രീറ്റ് പ്രവൃത്തിയ്ക്കാണ് തുക നൽകേണ്ടത് എങ്കിലും ബിൽ പ്രകാരം 35.7 $M^3$ കോൺക്രീറ്റ് പ്രവൃത്തിയ്ക്കാണ് തുക നൽകിയിട്ടുള്ളത്. അധികം നൽകിയ 2.205 $M^3$ കോൺക്രീറ്റ് പ്രവൃത്തിയുടെ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| അധികം നൽകിയ തുക | 2.205x8358.3= 18430/- |
| 0.03% ടെണ്ടർ ബിലൊ ( 18430x0.03%) | 18425/- |
| 18% GST | 3317/- |
| ആകെ അധികം നൽകിയ തുക | = 18425+ 3317= 21742/- |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തി ചെയ്തതായി മെഷർമെന്റ് എടുക്കുകയും കരാറുകാരന് ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകുകയും ചെയ്ത അസി.എഞ്ചിനിയറും ഇത് ചെക്ക് മെഷർ ചെയ്ത അസി.എക്സിക്യൂട്ടീവ് എഞ്ചിനിയറും അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. കരാറുകാരന് അധികം നൽകിയ 21,742/- രൂപ തിരിച്ച് ഈടാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ട തുക ഈടാക്കുന്നതാണ്. ചെലവ് തുക 21,742/- രൂപ നിരാകരിക്കുന്നു.

1-14 ഫോം വർക്ക് ആവശ്യമില്ലാത്ത കോൺക്രീറ്റ് റോഡ് വർക്കിന് ഫോം വർക്ക് ഉൾപ്പെടുന്ന ഐറ്റം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അധിക തുക നൽകി . ചെലവിനത്തിൽ പഞ്ചായത്തിന് നഷ്ടം.

പഞ്ചായത്തിലെ ചുവടെ കൊടുത്ത കോൺക്രീറ്റ് റോഡ് പ്രവൃത്തികൾ 04-10-2023 ന് നടത്തിയ സ്ഥല പരിശോധനയിൽ ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾ ആണ് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ റോഡുകളുടെ ഇരു വശവും മതിൽ കെട്ട് ഉള്ളതിനാലും മതിൽ കെട്ട് ഇല്ലാത്ത വളരെ കുറഞ്ഞ ഭാഗം ഫോം വർക്ക് ഉപയോഗിക്കാതെ സ്ലോപ്പ് ആയുമാണ് കോൺക്രീറ്റ് ചെയ്തിരിക്കുന്നത്. എന്നാൽ ഈ പ്രവൃത്തികൾക്ക് എടുത്തിരിക്കുന്ന ഡാറ്റ 75.8.1 (Mord- 8358.3/-രൂപ $M^3$ ന്) എന്ന 4% ഫോം വർക്ക് ഉള്ള ഡാറ്റയാണ്. യഥാർത്ഥത്തിൽ കോൺക്രീറ്റ് പ്രവൃത്തിയ്ക്കായി MORD ലെ ഫോം വർക്ക് ഇല്ലാത്ത 75.8.1.1.A (Mord- 8027.67/-രൂപ $M^3$ ന്) എന്ന ഡാറ്റയാണ് എസ്റ്റിമേറ്റ് തയ്യാറാക്കാനായി ഇവിടെ

എടുക്കേണ്ടിയിരുന്നത്. ഈ ഡാറ്റ എടുക്കാത്തതിനാൽ ചെയ്യാത്ത പ്രവൃത്തിയായ ഫോം വർക്കിനായി 4% അധിക തുക കരാറുകാരന് ബില്ലിൽ പ്രകാരം നൽകുകയുണ്ടായി. പ്രവൃത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിശദാംശം | ബിൽ നം / തീയതി | ബിൽ തുക | ബില്ലിൽ 75.8.1ഡാറ്റ പ്രകാരം ചെയ്ത പ്രവൃത്തിയ്ക്ക് നൽകിയ തുകയും അളവും Rate- 8358.3/$M^3$ | 75.8.1.1A ഡാറ്റ പ്രകാരം നൽകേണ്ട തുക Rate- 8027.67/$M^3$ | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 109/22-23 (കുന്നത്ത് പള്ളി തുള്ള മഠം റോഡ്) (.03 % Below യിൽ ആണ് കരാർ നൽകിയത്) | Bill No-1474395, Dtd 25-03-203 | 399077/- | (അളവ്-35.7$m^3$) 8355.79 (.03 % Below Of 8358.3)x35.7 = 298301.79+GST (18%)=351996.11 | (അളവ്-35.7m3) 8025.26(.03 % Below Of 8027.67) X35.7+GST(18%) =338072.1 | 13924.01 |
| 2 | 03/22-23 (കോട്ടാട്ടു കുന്ന് കോളനി റോഡ്) (5.9 % Below യിൽ ആണ് കരാർ നൽകിയത്) | Bill Date – 22-03-23 | 170542/- | (അളവ്-15.972 $M^3$) 7865.16 (5.9 % Below Of 8358.3)x15.972 = 125622.34+GST (18%)=148234.36 | (അളവ്-15.972 $M^3$) 7554.04 (5.9 % Below)x15.972 = 120653.09+GST (18%) = 142370.64 | 5863.72 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 3 | 09/22-23 (മണ്ണാരകുന്ന് കല്ല് മുറിക്കൽത്താഴം റോഡ്) (5.1 % Below യിൽ ആണ് കരാർ നല്കിയത്) | Bill Date 13-03-23 | 169014/- | (അളവ്- 13.737$m^3$) 7932.03 (5.1 % Below Of 8358.3)x13.737 = 108962.25+GST (18%)=128575.46 | (അളവ്- 13.737$m^3$) 7618.26 (5.1 % Below Of 8027.67)x13.737 = 104652.02+GST (18%)=123489.39 | 5086.07 |
| 4 | 153/22-23 (നൂഞ്ഞാറ്റുകര പുതുശ്ശേരിമ്മൽ ഫുട്പാത്ത്) (എസ്റ്റിമേറ്റ് റേറ്റിലാണ് കരാർ നൽകിയത്) | Bill Date 13-03-23 | 109793 | (അളവ്-9$m^3$) 8358.3x9 =75224.7+GST (18%)=88765.15 | (അളവ്-9$m^3$) 8027.67x9 =72249.03+GST (18%)=85253.86 | 3511.29 |
| | | ആകെ നഷ്ടം | | | 28385.09 | |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തിയ്ക്ക് കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. തുക ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ട തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അപാകതയ്ക്ക് വിശദ മറുപടി ലഭ്യമാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

മടവൂർ പഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | കരാർ തീയതി | ടി. എസ് പ്രകാരം | സൈറ്റ് കൈമാറിയ | പ്രവത്തി പൂർത്തിയാ | പ്രവത്തി പൂർത്തിയാ | Agreed PAC | ഈടാക്കിയ | ഈടാക്കേണ്ട | കരാറുകാരൻ |
|---|---|---|---|---|---|---|---|---|---|---|

| | | | പ്രവർത്തി പൂർത്തീകരണ കാലയളവ് | തീയതി | ക്കേണ്ട തീയതി | ക്കിയ തീയതി | | പിഴ | പിഴ | |
|---|---|---|---|---|---|---|---|---|---|---|
| 1 | പ്രോജ.നം 96/22-23 ചാത്തനാറമ്പത്ത് സ്കൂൾ ടോയിലറ്റ് നിർമ്മാണം | 14-02-22 | 3 മാസം | 14-02-22 | 15-05-22 | 25-11-2022 | 178547 | ഫൈൻ ഇടാക്കിയില്ല | 5357/- | അബൂബക്കർ. കെ.കെ |
| 2 | പ്രോജ.നം 94/22-23 രാം പൊയിൽ മുട്ടാഞ്ചേരി റോഡ് സൈഡ് കെട്ട് | 31-12-2021 | 3 മാസം | 31-12-21 | 31-03-22 | 27-01-2023 | 58427.96 | ഫൈൻ ഇടാക്കിയില്ല | 1753/- | പി.സി.പാലം സൊസൈറ്റി |
| 3 | പ്രോജ.നം 97/22-23 നാട്ടിപ്പാറ ശ്മശാനം നവീകരണം 1ാം ഘട്ടം | 08-03-22 | 3 മാസം | 08-03-22 | 06-06-22 | പൂർത്തീകരിച്ചിട്ടില്ല | 2274408.78 | ഫൈൻ ഇടാക്കിയില്ല | 68233/- | അഷറഫ്.വി |
| | ആകെ | | | | | | | | 75,343/- | |

പട്ടികയിലെ ഒന്നാമത്തെ പ്രവൃത്തിക്ക് (ചാത്തനാറമ്പത്ത് സ്കൂൾ ടോയിലറ്റ് നിർമ്മാണം) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനായി ഭരണ സമിതി തീരുമാനിക്കുന്നത് 03-11-2022ലെ 11(1)/22നമ്പർ തീരുമാനപ്രകാരമാണ്. സാങ്കേതിക അനുമതി പ്രകാരം 31-03-22ന് പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാതെ സമയ പരിധി കഴിഞ്ഞ് 9 മാസം കഴിഞ്ഞാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും പ്രവൃത്തി പൂർത്തീകരിക്കുന്നതും. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തത് കരാറുകാരന്റെ വീഴ്ച മൂലം തന്നെയാണ്. ഇതിനാൽ കരാറുകാരൻ പിഴ അടയ്ക്കാൻ ബാധ്യസ്ഥനാണ്.

പട്ടികയിലെ മൂന്നാമത്തെ പ്രവൃത്തി (നാട്ടിപ്പാറ ശ്മശാനം നവീകരണം 1ാം ഘട്ടം) ഓഡിറ്റ് പിരീഡ് വരെയും പൂർത്തിയായിട്ടില്ല. ഈ പ്രവൃത്തിയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാനായി ഭരണ സമിതി തീരുമാനിച്ചത് കരാർ പ്രകാരം പൂർത്തീകരണ കാലാവധി കഴിഞ്ഞ് എട്ട് മാസം കഴിഞ്ഞ് 15-02-23ലെ 5(1)/23 നമ്പർ തീരുമാന പ്രകാരമാണ്. കൂടാതെ ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ആയത് എത്രയും പെട്ടന്ന് തന്നെ പൂർത്തീകരിക്കേണ്ടതാണ് എന്ന് കാണിച്ച് കരാറുകാരന് അസി.എഞ്ചിനിയർ 02-06-23ന് AE/LID&EW/MDVR/1/2022-23നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാൻ വെകിയത് കരാറുകാരന്റെ വീഴ്ചയാണ് എന്ന് ഇതിൽ നിന്നു തന്നെ വ്യക്തമാണ്. ഇതിനാൽ കരാറുകാരൻ പിഴ അടയ്ക്കാൻ ബാധ്യസ്ഥനാണ്.

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യ.ഡി പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസി.എഞ്ചിനിയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഇവിടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ കാലാവധി നീട്ടിനൽകാൻ അപേക്ഷിച്ചതിന്റെ

വിശദാംശങ്ങൾ ലഭ്യമല്ല . ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. . സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്.

മേൽപ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണസമയത്തിന്റെ 50% ത്തിലും അധികമായിട്ടും പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പിഴ തുക കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ട തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

1-16 നാട്ടിപ്പാറ ശ്മശാനം നവീകരണം പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രാജക്റ്റ് നം -97/22-23

നിർവ്വഹണം- അസി.എഞ്ചിനിയർ

വകയിരുത്തിയ തുക -31,00,000/-

ചെലവഴിച്ച തുക - 793,950/-

ബിൽ തീയതി- 31-03-2023

മടവൂർ ഗ്രാമ പഞ്ചായത്തിലെ 7ാം വാർഡിൽ നാട്ടിപ്പാറ മലയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വാതക ശ്മശാനം നിർമ്മിക്കാനാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിനായി ചെരിഞ്ഞ ഈ സ്ഥലം മണ്ണ് എടുത്തു മാറ്റുന്നതിനും ശ്മശാനം സ്ഥാപിക്കാനുള്ള കെട്ടിടവും പ്രാർത്ഥനയ്ക്കായുള്ള കെട്ടിടവും നിർമ്മിക്കാനായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ നിന്നും എം.ബുക്ക് പ്രകാരം ചെരിഞ്ഞ ഈ പ്രദേശത്തു നിന്നും 1269.63M3മണ്ണ് എടുത്തു മാറ്റിയ വകയിൽ 437,449.64/-രൂപ കരാറുകാരന് ബിൽ പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ 04-10-23ന് നടത്തിയ സ്ഥല പരിശോധനയിൽ നീക്കം ചെയ്ത മണ്ണ് എവിട സ്റ്റാക്ക് ചെയ്തു എന്ന് വ്യക്തമായി കാണിച്ചു തരാൻ കഴിഞ്ഞിട്ടില്ല. ടി വിവരം അളവ് പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടില്ല.

ഭരണ സമിതിയുടെ 03-11-2022ലെ 12(1) നമ്പർ തീരുമാന പ്രകാരം ശ്മശാനം സ്ഥാപിക്കാനായി ഖനനം ചെയ്യുന്ന മണ്ണ് പരിഷ്കരണ പ്രവൃത്തികൾ ആവശ്യമുള്ള പത്തനാപറമ്പ് റോഡ്, നാട്ടിപ്പാറ ശ്മശാനം റോഡ്, രാം പൊയിൽ കവിയാട്ട് താഴം റോഡ്, പുന്നിടിപ്പൊയിൽ റോഡ് എന്നീ റോഡുകളിൽ നിക്ഷേപിക്കുന്നതിന് തീരുമാനം എടുത്തതായി കാണുന്നുണ്ട്. ടി പ്രവൃത്തികളുടെ എം.ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത മണ്ണ് ഡിപ്പാർട്ട്മെന്റ് മെറ്റീരിയൽ എന്ന നിലയിൽ തന്നെയാണോ ഉപയോഗപ്പെടുത്തിയത് എന്നത് സംബന്ധിച്ച വസ്തുത ഓഡിറ്റിന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

മണ്ണ് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് കൃത്യമായി അളവ് സമയബന്ധിതമായി രേഖപ്പെടുത്തുകയോ സ്റ്റാക്ക് ചെയ്യുകയോ മെഷർ ചെയ്യുകയോ ചെയ്യാത്തത് സംബന്ധിച്ച അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-17 ഇ- ടെണ്ടർ ഫീ തിരികെ ഈടാക്കാത്തത് സമ്പന്ധിച്ച്

മടവൂർ ഗ്രാമ പഞ്ചായത്ത് എൽ.ഐ.ഡി&ഇ.ഡബ്ല്യു, അസി.എഞ്ചിനിയർ നിർവ്വഹണം നടത്തി ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീ 2021 ജനുവരി വരെയും എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ആയിട്ടുള്ളത്. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് പരാമർശിച്ചിട്ടും നാളിതുവരെ ഇ-ടെണ്ടർ ഫീ അസി.എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (04/22-23) നൽകിയ മറുപടി പ്രകാരം എത്ര തുക ഈ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും പഞ്ചായത്തിന് ലഭിയ്ക്കാനുണ്ട് എന്ന കണക്ക് ലഭ്യമാക്കിയിട്ടില്ല. തുക അടിയന്തിരമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 ടേക്ക് എ.ബ്രേക്ക് പദ്ധതി- അവലോകനം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതു ശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവിൽ [സ.ഉ.(സാധാ)നം.1401/2020/ത.സ്വ.ഭ.വ.] ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകുകയും ചെയ്തു.

മേൽ ഉത്തരവുകളുടെ ഭാഗമായി മടവൂർ ഗ്രാമപഞ്ചായത്ത് 2022-23 സാമ്പത്തിക വർഷത്തിൽ പ്രോജക്റ്റ് നം 120/22-23 ആയി 1,400,000/-രൂപ വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ജില്ലാ കലക്ടർ അനുവദിച്ച മടവൂർ വില്ലേജിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ അധീനതയിലുള്ള 3സെന്റ് സ്ഥലമാണ് പദ്ധതിയ്ക്കായി കണ്ടെത്തിയിരുന്നത്. എന്നാൽ പഞ്ചായത്ത് സെക്രട്ടറി 30-06-2023ന് ജില്ലാ കലക്ടർക്ക് അയച്ച കത്ത് പ്രകാരം ടേക്ക് എ ബ്രേക്കിനായി അനുവദിച്ച സ്ഥലം റോഡ് വൈഡനിങ്ങിൽ ഉൾപ്പെടുന്നതും പാർക്കിംഗ് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതുമാണ് എന്നും ഇതിനാൽ ഈ സ്ഥലം പദ്ധതിയ്ക്ക് അനുയോജ്യമല്ല എന്നും അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ താൽക്കാലിക അനുമതി റദ്ദ് ചെയ്ത് ജില്ലാ കലക്ടർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. നിലവിൽ പദ്ധതിയ്ക്കായി സ്ഥലം കണ്ടെത്തിയിട്ടില്ല. ഇതിനാൽ പദ്ധതി ആരംഭിക്കാൻ നാളിതുവരെയായി പഞ്ചായത്തിന് സാധിച്ചിട്ടില്ല.

ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശമുണ്ടായിട്ടും പദ്ധതിയ്ക്കായി സർക്കാർ വിഭാവനം ചെയ്ത രീതിയിലുള്ള അനുയോജ്യമായ സ്ഥലം നാളിതുവരെ കണ്ടത്താൻ കഴിയാത്തത് പഞ്ചായത്തിന്റെ വീഴ്ചയാണ്. ഇതിനാൽ അനുയോജ്യമായ സ്ഥലം അടിയന്തിരമായി കണ്ടെത്തി ആവശ്യമായ തുക വകയിരുത്തി പദ്ധതി നടപ്പിലാക്കാനുള്ള അടിയന്തിര നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതും പദ്ധതി പുരോഗതി വിശദാംശം ഓഡിറ്റിൽ

അറിയിക്കേണ്ടതുമാണ്.

1-19 അങ്കണവാടിയ്ക്ക് ഭീഷണിയായുള്ള മരം മുറിച്ചു മാറ്റിയിട്ടില്ല

മടവൂർ ഗ്രാമപഞ്ചായത്തിലെ (Cno.75) രാംപൊയിൽ അങ്കണവാടിയുടെ മതിലിനോട് ചേർന്ന് സമീപവാസിയുടെ മരം അപകട ഭീഷണിയായി നിൽക്കുന്നുണ്ടെന്നും, പ്രസ്തുത മരം അങ്കണവാടി പ്രവർത്തകരുടെയും, കുഞ്ഞുങ്ങളുടെയും ജീവനും, അങ്കണവാടി കെട്ടിടത്തിനും ഭീഷണിയായതിനാൽ, ആയത് മുറിച്ചുമാറ്റി അങ്കണവാടി സുരക്ഷിതത്വം ഉറപ്പുവരുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കാൻ അപേക്ഷിച്ചുകൊണ്ട് ഭരണസമിതി/സെക്രട്ടറിക്ക് ഐ.സി.ഡി.എസ് സൂപ്പർവൈസർ കത്ത് നൽകിയിട്ടുണ്ട്. 3.11.2022 ലെ ഭരണസമിതി മീറ്റിംഗിൽ ഈ വിഷയം ചർച്ച ചെയ്യുകയും ആയതിന്മേലുള്ള തീരുമാനത്തിൽ (അജണ്ട-21, തീരുമാനം നം.1) സാമ്പത്തിക പരാധീനതകൾ കാരണം ഉടമയ്ക്ക് മരം മുറിച്ചു മാറ്റാൻ സാധിക്കില്ലെന്ന് അറിയിച്ചതിനാൽ ഉടമയുമായി ഒരിക്കൽക്കൂടി സംസാരിക്കാൻ മെമ്പർമാരേയും സെക്രട്ടറിയേയും ചുമതലപ്പെടുത്തിയതായി കാണുന്നു. എന്നാൽ ഈ വിഷയത്തിൽ ഓഡിറ്റ് തിയ്യതി വരെ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അങ്കണവാടി പ്രവർത്തകരുടെയും കുഞ്ഞുങ്ങളുടേയും ജീവന് ഭീഷണിയായുള്ള മരം നാളിതു വരെയായി മുറിച്ചുമാറ്റാത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

1-20 തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല

കെ.എസ്.ഇ.ബിയുടെ ചേളന്നൂർ, നരിക്കുനി, കൊടുവള്ളി സെക്ഷനുകളിൽ നിന്നുള്ള ഡിമാന്റ് നോട്ടീസുകളുടെ അടിസ്ഥാനത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 9,56,094/- രൂപ അടവാക്കിയിട്ടുണ്ട്. മാസം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| മാസം | അടവാക്കിയ തുക |
|---|---|
| 04/2022 | 81,827 |
| 05/2022 | 84,808 |
| 06/2022 | 78,724 |
| 07/2022 | 82,893 |
| 08/2022 | 85,527 |
| 09/2022 | 87,518 |
| 10/2022 | 84,823 |
| 11/2022 | 75,018 |
| 12/2022 | 70,614 |

| | |
|---|---|
| 01/2023 | 75,567 |
| 02/2023 | 72,308 |
| 03/2023 | 76,467 |
| ആകെ | 9,56,094 |

എന്നാൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തെരുവിളക്കുകളുടെ എണ്ണം, തരം എന്നിവ തീർച്ചപ്പെടുത്താതെയാണ് 2022-23 വർഷത്തിൽ വൈദ്യുതി ചാർജ്ജ് അടവാക്കിയിട്ടുള്ളത്. 2022-23 വർഷത്തെ തെരുവിളക്കുകളുടെ എണ്ണം, തരം, സ്ഥാനം എന്നിവ വ്യക്തമാക്കുന്ന തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/2022-23 തീയതി 05.10.2023) മറുപടി ലഭിച്ചിട്ടില്ല. കെ.എസ്.ഇ.ബിയുമായി ചേർന്ന് തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ തെരുവുവിളക്കുകളുടെ എണ്ണം, തരം, സ്ഥാനം എന്നിവ വ്യക്തമാക്കുന്ന തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 ടോയിലറ്റ് നിർമ്മാണം-രേഖകൾ സൂക്ഷിപ്പിലെ അപാകതകൾ

നിർവഹണം : വി.ഇ.ഒ

പ്രൊജക്ട് : ടോയ്‌ലറ്റ് നിർമ്മാണം

പ്രൊജക്ട് നമ്പർ : 43/23 ( സ്പിൽ ഓവർ)

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 1,53,000 | 47,600 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 6,51,000 | 1,72,600 |
| ആകെ | 8,04,000 | 2,20,200 |

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 23/ 22-23 | 29.08.2022 | 37,400 |
| 24/ 22-23 | 29.08.2022 | 50,600 |
| 46/ 22-23 | 09.11.2022 | 75,800 |
| 47/ 22-23 | 09.11.2022 | 6,800 |
| 85/ 22-23 | 20.12.2022 | 3,400 |
| 86/ 22-23 | 20.12.2022 | 19,400 |
| 87/ 22-23 | 20.12.2022 | 7,400 |

| | | |
|---|---|---|
| 305/ 22-23 | 31.03.2023 | 19,400 |
| ആകെ | | 2,20,200 |

ഗ്രാമപഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കൾക്ക് 15,400/- രൂപ വീതം (CFC-3400+ TSC-12000) ടോയ്‌ലറ്റ് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. പണി പൂർത്തിയാക്കിയ ശേഷം ബന്ധപ്പെട്ട ഓവർസിയർ/എഞ്ചിനിയർ മൂല്യനിർണ്ണയം നടത്തി വാല്യവേഷൻ സർട്ടിഫിക്കറ്റ് നൽകണം. പ്രോജക്ട് ഫയൽ , രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനിൽ 15,400 രൂപ കൈപ്പറ്റി പണി പൂർത്തിയാക്കിയ താഴെ പറയുന്ന 3 ഗുണഭോക്താക്കളുടെ ഫയലിൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല.

| ക്രമ നമ്പർ | പേര്, വിലാസം | വാർഡ് നമ്പർ |
|---|---|---|
| 1 | ശ്രീ. മൂത്തോറൻ, ആനിക്കുന്നുമ്മൽ, പടനിലം | 13 |
| 2 | ശ്രീ. സുരേഷ് ബാബു.എ, ആത്തുട്ടയിൽ, പടനിലം | 11 |
| 3 | ശ്രീ. രാമൻകുട്ടി , എതിരംമലയിൽ, മുട്ടാഞ്ചേരി | 14 |

പണി പൂർത്തിയാക്കിയ 3 ഗുണഭോക്താക്കളുടെ ടോയ്‌ലറ്റ് നിർമ്മാണത്തിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പ്രോജക്ട് ഫയലിൽ സൂക്ഷിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10, തീയതി-05.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ പരാമർശിച്ച ഗുണഭോക്താക്കൾ നിർവ്വഹിച്ച പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - സെന്റേജ് ചാർജ്ജ് നൽകി

പ്രൊജക്ട് നമ്പർ -69/2023

അടങ്കൽ - 9,00,000

ചെലവ് - 5,00,000/- (292/28.3.2023 വികസന ഫണ്ട് പൊതുവിഭാഗം)

3,99,559/- (31.03.2023, തനത് ഫണ്ട്)

ആകെ -8,99,559/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പഞ്ചായത്തിലെ സ്ട്രീറ്റ് മെയിൻ ഉള്ള തെരുവ് വിളക്കുകൾ ഇല്ലാത്ത തെരുവുകളിൽ 24 വാട്ട് എൽ.ഇ.ഡി - ഓട്ടോമാറ്റിക് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് സെക്രട്ടറി പദ്ധതി നടപ്പിലാക്കിയത്. സർക്കാർ അംഗീകൃത/അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും പ്രൊഫോർമ ഇൻവോയ്സ് ലഭ്യമാക്കി, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (SILK) എന്ന സ്ഥാപനത്തിനെ പ്രവൃത്തി ഏല്പിക്കുകയും, 383 വിളക്കുകൾ സ്ഥാപിക്കുന്നതിനായി 899,559/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

SILK എന്ന സ്ഥാപനത്തിന്റെ 21.2.23 ലെ കത്ത് പ്രകാരം SILK മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഇ-ടെണ്ടറിലൂടെ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തവരെക്കൊണ്ടാണ് പ്രവൃത്തി നടപ്പിലാക്കിയതെന്നും, അറിയിച്ചിട്ടുണ്ട്. അപ്രകാരം സെന്റേജ് ചാർജ്ജായി 56,469/- രൂപയും 18 ശതമാനം ജി.എസ്.ടി ഇനത്തിൽ 10164/- രൂപയും ആകെ 66,633/- അധികമായി ഈടാക്കിയതായും കാണുന്നു.

3.8.2016 ലെ 118/2018/ഫിൻ, 25.7.2017 ലെ 95/2017/ഫിൻ, സർക്കാർ ഉത്തരവുകൾ പ്രകാരം ഒരു അക്രഡിറ്റഡ് ഏജൻസിയെ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി ഏല്പിക്കുകയാണെങ്കിൽ അക്കാര്യം വ്യക്തമാക്കണമെന്നും, ഏജൻസി നടത്തുന്ന ടെണ്ടർ നടപടികൾ സുതാര്യമായിരിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. സെന്റേജ് ചാർജ്ജ് ഈടാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും സ്ഥാപനം പാലിച്ചതായി കാണുന്നില്ല.

സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സെന്റേജ് ചാർജ്ജ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ (15/22-23 തീയ്യതി. 5.10.23) ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ 202/20 /ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള നിലാവ് പദ്ധതി നിർവ്വഹണത്തിന്റെ മാർഗ്ഗരേഖയിൽ സ്ട്രീറ്റ് ലൈറ്റുകൾ KSEBL ൽ നിന്നും വാങ്ങുന്നതിനും EESL നെ PMU ആയും നിശ്ചയിച്ചിട്ടുള്ളതാണ്. EESL ന് നൽകേണ്ട പരമാവധി സെന്റേജ് ചാർജ്ജ് 2% മാത്രമാണ്. ഏഴ് വർഷത്തെ വാറന്റിയും നിലാവ് പദ്ധതി പ്രകാരം സ്ഥാപനത്തിന് ലഭ്യമാവുന്നതാണ്. മേൽ സാഹചര്യത്തിലാണ് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക സെന്റേജ് ചാർജ്ജ് നൽകി മറ്റ് അക്രഡിറ്റഡ് ഏജൻസികളെ കൊണ്ട് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.
സെന്റേജ് ചാർജ്ജ് ഇനത്തിൽ അധികം നൽകിയ 66,633/- രൂപ SILK എന്ന സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി - ചെലവിനത്തിൽ നഷ്ടം

പ്രോജ.നം -109/22-23

പ്രോജക്റ്റിന്റെ പേര് - കുന്നത്ത് പള്ളി തുള്ള മഠം റോഡ്

നിർവ്വഹണം - അസി.എഞ്ചിനിയർ

വകയിരുത്തിയ തുക – 400000/- (MG-Road)

ചെലവഴിച്ച തുക - 399077/-

ബിൽ നം - 22170252012701474395 Dtd 25-03-23

ബിൽ തുക - 399077/-

പദ്ധതി എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിൽ കേടുപാടുകൾ ഉള്ള കോൺക്രീറ്റും ടാറും അടങ്ങിയ പ്രസ്തുത റോഡ് 65.5 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇത് പ്രകാരം കരാർ വിളിക്കുകയും 0.03% ബിലോയിൽ ക്വോട്ട് ചെയ്ത ശ്രീ. അശ്റഫ്. എം എന്ന കരാറുകാരനാണ് വർക്ക് നൽകുകയും ചെയ്തു. 20-03-2023 ന് പൂർത്തീകരിച്ച ഈ പ്രവൃത്തിയ്ക്ക് മേൽ ബിൽ പ്രകാരം 399,077/- രൂപ നൽകിയിട്ടുണ്ട്.

പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ നിന്നും എം ബുക്ക്(E-Mbook) പ്രകാരം 89.5 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും 75.8.1 ഡാറ്റ പ്രകാരം റോഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. എം ബുക്ക് പ്രകാരം ആകെ 38.933 $M^3$ കോൺക്രീറ്റ് പ്രവൃത്തി ഈ ഐറ്റത്തിൽ (75.8.1ഡാറ്റ, റേറ്റ്=8358.3/$M^3$) ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ മേൽ ബിൽ പ്രകാരം 35.7 $M^3$ കോൺക്രീറ്റ് പ്രവൃത്തിയ്ക്കാണ് 75.8.1 ഡാറ്റ പ്രകാരം അളവ് പരിമിതപ്പെടുത്തിയാണ് തുക നൽകിയിരിക്കുന്നത്.

04-10-2023 ന് ഓഡിറ്റ് നടത്തിയ പ്രസ്തുത പ്രവൃത്തിയുടെ സ്ഥല പരിശോധനയിൽ റോഡ് കോൺക്രീറ്റ് ചെയ്തിരിക്കുന്നത് 77 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലുമായി ആകെ 33.495 $M^3$ കോൺക്രീറ്റ് ആണ് എന്ന് ബോധ്യപ്പെട്ടു. എം ബുക്ക് പ്രകാരം 89.5 മീറ്റർ നീളത്തിലും മൂന്ന് മീറ്റർ വീതിയിലും 38.933 $M^3$ കോൺക്രീറ്റ് പ്രവൃത്തി ചെയ്തു എന്ന് അസി.എഞ്ചിനിയർ മെഷർമെന്റ് എടുക്കുകയും ഇത് അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ ചെക്ക് മെഷർ ചെയ്യുകയും ചെയ്ത ഈ റോഡ് യഥാർത്ഥത്തിൽ ചെക്ക് മെഷർ ചെയ്തതിലും 12.5 മീറ്റർ നീളം കുറവായാണ് ചെയ്തിരിക്കുന്നത് എന്ന് സ്ഥല പരിശോധനയിൽ വ്യക്തമായി. കൂടാതെ 77 മീറ്റർ നീളത്തിൽ PCC ചെയ്തതായി എം.ബുക്കിൽ കാണിച്ചിട്ടുണ്ടെങ്കിലും 44 മീറ്റർ നീളത്തിൽ മാത്രമാണ് GSB ചെയ്തതായി കാണിച്ചിട്ടുള്ളൂ. അതായത് ആകെ ചെയ്ത 77 മീറ്റർ കോൺക്രീറ്റ് റോഡിൽ 33 മീറ്റർ നീളത്തിൽ GSB ചെയ്യാതെയാണ് PCC ചെയ്തത് എന്നാണ് എം.ബുക്ക് പ്രകാരം വ്യക്തമാവുന്നത്. ഇതിൽ നിന്നും അധിക തുക നൽകിയ 12.5 മീറ്റർ നീളത്തിൽ GSB ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്. അതായത് യഥാർത്ഥത്തിൽ 33.495 $M^3$ കോൺക്രീറ്റ് പ്രവൃത്തിയ്ക്കാണ് തുക നൽകേണ്ടത് എങ്കിലും ബിൽ പ്രകാരം 35.7 $M^3$ കോൺക്രീറ്റ് പ്രവൃത്തിയ്ക്കാണ് തുക നൽകിയിട്ടുള്ളത്. അധികം നൽകിയ 2.205 $M^3$ കോൺക്രീറ്റ് പ്രവൃത്തിയുടെ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| അധികം നൽകിയ തുക | 2.205x8358.3= 18430/- |
| 0.03% ടെണ്ടർ ബിലൊ ( 18430x0.03%) | 18425/- |
| 18% GST | 3317/- |
| ആകെ അധികം നൽകിയ തുക | = 18425+ 3317= 21742/- |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തി ചെയ്തതായി മെഷർമെന്റ് എടുക്കുകയും കരാറുകാരന് ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകുകയും ചെയ്ത അസി.എഞ്ചിനിയറും ഇത് ചെക്ക് മെഷർ ചെയ്ത അസി.എക്സിക്യൂട്ടീവ് എഞ്ചിനിയറും അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. കരാറുകാരന് അധികം നൽകിയ 21,742/- രൂപ തിരിച്ച് ഈടാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ട തുക ഈടാക്കുന്നതാണ്. ചെലവ് തുക 21,742/- രൂപ നിരാകരിക്കുന്നു.

3-3 ഫോം വർക്ക് ആവശ്യമില്ലാത്ത കോൺക്രീറ്റ് റോഡ് വർക്കിന് ഫോം വർക്ക് ഉൾപ്പെടുന്ന ഐറ്റം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അധിക തുക നൽകി . ചെലവിനത്തിൽ പഞ്ചായത്തിന് നഷ്ടം.

പഞ്ചായത്തിലെ ചുവടെ കൊടുത്ത കോൺക്രീറ്റ് റോഡ് പ്രവൃത്തികൾ 04-10-2023 ന് നടത്തിയ സ്ഥല പരിശോധനയിൽ ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾ ആണ് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ റോഡുകളുടെ ഇരു വശവും മതിൽ കെട്ട് ഉള്ളതിനാലും മതിൽ കെട്ട് ഇല്ലാത്ത വളരെ കുറഞ്ഞ ഭാഗം ഫോം വർക്ക് ഉപയോഗിക്കാതെ സ്ലോപ്പ് ആയുമാണ് കോൺക്രീറ്റ് ചെയ്തിരിക്കുന്നത്. എന്നാൽ ഈ പ്രവൃത്തികൾക്ക് എടുത്തിരിക്കുന്ന ഡാറ്റ 75.8.1 (Mord- 8358.3/-രൂപ $M^3$ ന്) എന്ന 4% ഫോം വർക്ക് ഉള്ള ഡാറ്റയാണ്. യഥാർത്ഥത്തിൽ കോൺക്രീറ്റ് പ്രവൃത്തിയ്ക്കായി MORD ലെ ഫോം വർക്ക് ഇല്ലാത്ത 75.8.1.1.A

(Mord- 8027.67/-രൂപ $M^3$ ന്) എന്ന ഡാറ്റയാണ് എസ്റ്റിമേറ്റ് തയ്യാറാക്കാനായി ഇവിടെ എടുക്കേണ്ടിയിരുന്നത്. ഈ ഡാറ്റ എടുക്കാത്തതിനാൽ ചെയ്യാത്ത പ്രവൃത്തിയായ ഫോം വർക്കിനായി 4% അധിക തുക കരാറുകാരന് ബില്ലിൽ പ്രകാരം നൽകുകയുണ്ടായി. പ്രവൃത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിശദാംശം | ബിൽ നം / തീയതി | ബിൽ തുക | ബില്ലിൽ 75.8.1ഡാറ്റ പ്രകാരം ചെയ്ത പ്രവൃത്തിയ്ക്ക് നൽകിയ തുകയും അളവും Rate- 8358.3/$M^3$ | 75.8.1.1A ഡാറ്റ പ്രകാരം നൽകേണ്ട തുക Rate- 8027.67/$M^3$ | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 109/22-23 (കുന്നത്ത് പള്ളി തുള്ള മഠം റോഡ്) (.03 % Below യിൽ ആണ് കരാർ നൽകിയത്) | Bill No-1474395, Dtd 25-03-203 | 399077/- | (അളവ്-35.7$m^3$) 8355.79 (.03 % Below Of 8358.3)x35.7 = 298301.79+GST (18%)=351996.11 | (അളവ്-35.7m3) 8025.26(.03 % Below Of 8027.67) X35.7+GST(18%) =338072.1 | 13924.01 |
| 2 | 03/22-23 (കോട്ടാട്ടു കുന്ന് കോളനി റോഡ്) (5.9 % Below യിൽ ആണ് കരാർ നൽകിയത്) | Bill Date – 22-03-23 | 170542/- | (അളവ്-15.972 $M^3$) 7865.16 (5.9 % Below Of 8358.3)x15.972 = 125622.34+GST (18%)=148234.36 | (അളവ്-15.972 $M^3$) 7554.04 (5.9 % Below)x15.972 = 120653.09+GST (18%) = 142370.64 | 5863.72 |
| 3 | 09/22-23 (മണ്ണാരക്കുന്ന് കല്ല് മുറിക്കൽത്താഴം റോഡ്) (5.1 % Below യിൽ ആണ് കരാർ | Bill Date 13-03-23 | 169014/- | (അളവ്- 13.737$m^3$) 7932.03 (5.1 % Below Of 8358.3)x13.737 = 108962.25+GST | (അളവ്- 13.737$m^3$) 7618.26 (5.1 % Below Of 8027.67)x13.737 = 104652.02+GST | 5086.07 |

| | | | | | | |
|---|---|---|---|---|---|---|
| | നല്കിയത്) | | | (18%)=128575.46 | (18%)=123489.39 | |
| 4 | 153/22-23 (നൃഞ്ഞാറ്റുങ്കര പുതുശ്ശേരിമ്മൽ ഫുട്പാത്ത്) (എസ്റ്റിമേറ്റ് റേറ്റിലാണ് കരാർ നൽകിയത്) | Bill Date 13-03-23 | 109793 | (അളവ്-$9m^3$) 8358.3x9 =75224.7+GST (18%)=88765.15 | (അളവ്-$9m^3$) 8027.67x9 =72249.03+GST (18%)=85253.86 | 3511.29 |
| | | ആകെ നഷ്ടം | | | 28385.09 | |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തിയ്ക്ക് കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. തുക ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ട തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അപാകതയ്ക്ക് വിശദ മറുപടി ലഭ്യമാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 26.09.2023 മുതൽ 29.09.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 60,000 | നെൽ കൃഷി സ്ഥിരം കൃഷി | 60,000 | 0 |
| | 2022-23 | 21,64,635 | ലൈഫ് ഭവന പദ്ധതി | 21,64,635 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 54,000 | ലൈഫ് ഭവന പദ്ധതി | 54,000 | 0 |
| | 2022-23 | 3,75,723 | ലൈഫ് ഭവന പദ്ധതി | 3,75,723 | 0 |
| | 2022-23 | 5,694 | അംഗൻവാടി പോഷകാഹാര വിതരണം | 5,694 | 0 |
| | 2022-23 | 4,10,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 4,10,000 | 0 |
| | 2022-23 | 1,75,000 | ക്ഷീര സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 1,75,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 19,70,000 | ലൈഫ് ഭവന പദ്ധതി | 19,70,000 | 0 |
| | 2022-23 | 4,45,000 | ലൈഫ് ഭവന പദ്ധതി | 4,45,000 | 0 |
| | 2022-23 | 1,40,000 | ലൈഫ് ഭവന പദ്ധതി | 1,40,000 | 0 |
| | 2022-23 | 2,05,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,05,000 | 0 |
| | 2022-23 | 7,93,950 | നാട്ടിപ്പാറ ശ്മശാനം നവീകരണം ഒന്നാം ഘട്ടം | 7,93,950 | 0 |
| | 2022-23 | 1,00,000 | ക്ഷീര സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | 0 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനം/ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പ്രോജ.നം- 71/22-23 അംഗൻവാടികളിൽ കുഴൽകിണർ നിർമ്മാണം | 62/22-23 Dtd 18-11-2022 | 1,56,020 | 0 | 1,56,020 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി ലൈഫ് ലോൺ | സ.ഉ.68/2018, തീയ്യതി- 18.05.2018 | -- | 88,000 | 17,91,690 | | 0 |

കുറിപ്പ്

2022-23 വർഷത്തിൽ 1791690 രൂപ ലോൺ റീപെയ്മെന്റ് സോഴ്സ് ഡിഡക്ഷൻ വന്നതിനാൽ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B5 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് -17,03,690 രൂപ. ലോൺ നീക്കിയിരിപ്പിന്റെ കൃത്യത ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രശീത് നം/തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വർഷം | | | ഉദ്യോഗ പേരും | |
| 2021-22 | 1-12 | 15840 | മനോജ് കുമാർ.സി, ചാലിൽ വീട്, എരവന്നൂർ (പി.ഒ) | 1220105102 Dtd 16-03-2023 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2003-04 | 3/11(12) , 106,107 | 2001-02 | 26 | വേതനവും പെൻഷനും അനുവദിച്ചതിൽ അപാകത |
| 2003-04 (പൊതു പരാമർശം) | 11.13.3.2, 110 | 2000-01 | 27 | വ്യക്തികൾ വിട്ടുകൊടുത്ത ഭൂമിയിൽ ജലസേചന പദ്ധതി |
| 2010-11 | 5.8.3.2, 246 | 2007-08 | 3-1 | ആസ്തിയുടെ പരിപാലനം |
| 2011-12 | 3.1.12/62 | | | മേപ്പളതാഴം ജലസേചന പദ്ധതി |
| 2016-17 | അനുബന്ധം-4, 188 | 2014-15 | 2-2 | തൊഴിൽ നികുതി അപാകതകൾ |
| 2016-17 | അനുബന്ധം-5 | 2015-16 | 2-1, 2-2 | തൊഴിൽ നികുതി അപാകതകൾ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 3,63,67,631 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 3,16,84,002 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 116,760 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 66,633 | ശ്രീ.എം.എ റഷീദ് (സെക്രട്ടറി) |
| 3-2 | 21,742 | ശ്രീമതി.അശ്വതി പ്രസാദ് (അസി.എഞ്ചിനിയർ) |
| 3-3 | 28,385 | ശ്രീമതി.അശ്വതി പ്രസാദ് (അസി.എഞ്ചിനിയർ) |
| ആകെ | 1,16,760 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.എ റഷീദ് (സെക്രട്ടറി) | സെക്രട്ടറി, മടവൂർ ഗ്രാമ പഞ്ചായത്ത് | ചേരിയങ്ങൽ വീട്, എളേറ്റിൽ പി.ഒ, കിഴക്കോത്ത് |
| ശ്രീമതി.അശ്വതി പ്രസാദ് (അസി.എഞ്ചിനിയർ) | അസി.എഞ്ചിനിയർ, മടവൂർ ഗ്രാമ പഞ്ചായത്ത് | പ്രശാന്തി (H), കാരപ്പറമ്പ് (പി.ഒ), കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി.പി2/ 574(1)/22 തീ. 23-12-2022 | 2 | 34 , 37 |
| 2000-21 | കെ.എസ്.എ.കെ.കെ.ഡി.പി2/ 574(2)/22 തീ. 23-12-2022 | 1 | 27 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി2/ 574(3)/22 തീ. 23-12-2022 | 1 | 26 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി2/ 574(5)/22 തീ. 23-12-2022 | 1 | 3-1 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി2/ 1067(3)/22 തീ. 23-12-2022 | 5 | 2-2-, 3-6, 3-7, 3-9, 3-10 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി2/ 1067(4)/22 തീ. 23-12-2022 | 6 | 2-1, 2-2, 2-3, 3-9, 3-13, 3-16 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി2/ 1067(5)/22 തീ. 23-12-2022 | 11 | 2-2, 2-3, 3-1, 3-2, 3-3, 3-4, 3-6, 3-7, 3-8, 3-9, 3-18 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി2/1067(6)/22 | 4 | 2-4, 3-3, 3-4, |

| | | | |
|---|---|---|---|
| | തീ. 23-12-2022 | | 3-12 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി2/ 1067(7)/22 തീ. 23-12-2022 | 19 | 1-13, 1-14, 1-15(1,2,4), 1-16, 1-18, 1-19, 1-20, 1-21, 1-22, 1-33, 1-34, 1-37, 1-39, 3-1, 3-2, 4-10, 4-11. |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി2/ 1652/21 തീ. 17-05-2023 | 29 | 1-1-1, 1-1-2, 1-2-2, 1-2-3, 1-2-4 (B,C), 1-4-1, 1-10, 1-11 (1,2,3), 1-12, 1-13, 1-14,1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-27, 1-28, 1-29, 1-31, 1-33, 1-34, 3-1 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി2/ 301/22 തീ. 23-06-2023 | 39 | 1-1-2, 1-1-3, 1-1-5, 1-2 (1,2,3,4,5,6,7,8,10), 1-4-1, 1-5, 1-5-1, 1-5-2, 1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-19, 1-20, 1-22, 1-24, 1-25, 1-26, 1-27, 1-29, 1-30, 1-32, 1-33, 1-34, 1-35, 3-1, 4-3, 4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി2/ 2387/22 തീ. 30-01-2023 | 34 | 1-1 മുതൽ 1-31വരെയും 3-1, 3-2, 3-3 ഉം |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1)/23 dated 05-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Madavoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Madavoor Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Madavoor Grama Panchayat for the Year 2022-2023.

**1.Major Observations**

Basic ratios to accounts are not included in the Annual Finance Statement.

**2.Other Observations**

a) Cash flow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

b) Withdrawal without entry in bankbook.

c) Lapses in making timely and accurate demand entries in Property Tax.

d) Mismatch in the amounts shown in AFS and Register Abstracts.

e) Grant Liability amount shown as liability in balance sheet does not match with bank account

opened for specific grant account.

f) Mismatch in property tax arrear figures.

g) Previous year closing balance does not match with current opening balance in other advance.

h) Asset Register not updated.

i) Mismatch in KURDFC Life loan closing balance.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്